LIBRARY ARCHIVES Kerala Legislative Assembly

വീടുകളിൽ ജോലി ചെയ്യുന്ന കുട്ടികൾ

272 (3479) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് താലൂക്കിൽ വീടുകളിൽ ജോലി ചെയ്യുന്ന അന്യസംസ്ഥാനങ്ങളിലേത് ഉൾപ്പെടെയുള്ള കുട്ടികളുടെ എണ്ണം എത്രയെന്നും ഇതിൽ പെൺകുട്ടികൾ/ആൺകുട്ടികൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ബാലവേല ചെയ്യിപ്പിക്കുന്ന വീട്ടുടമകൾക്കെതിരെ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ;

(സി) കുട്ടികൾക്ക് ഏതെങ്കിലും തരത്തിലുള്ള സംരക്ഷണം വീട്ടുടമകൾ നൽകുന്നുണ്ടോ;

(ഡി) ഇവർക്ക് വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഭരണഘടനാപരമായ സൗകര്യങ്ങൾ വീട്ടുടമകൾ ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് താലൂക്കിൽ നിലവിൽ ബാലവേലകളൊന്നും കണ്ടെത്തിയിട്ടില്ല എന്നാൽ 12-6-2014-ൽ ഒരു ആൺകുട്ടി ബാലവേല ചെയ്യുന്നതായി കണ്ടെത്തിയിരുന്നു.

(ബി) 12-6-2014-ൽ കണ്ടെത്തിയ ബാലവേലയ്ക്കെതിരെ STC No. 21/14 നമ്പറായി ബഹുമാനപ്പെട്ട കാസർഗോഡ് സി.ജെ.എം. കോടതിയിൽ പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും 3-2-2015-ൽ 10,000 രൂപ പിഴ ശിക്ഷ വിധിക്കുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) മുകളിൽ കൊടുത്തിരിക്കുന്ന മറുപടികളുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ആശ്വാസകിരണം പദ്ധതി

273 (3480) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതിയിലുൾപ്പെടുത്തി ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലും, നഗരൂർ, കിളിമാനൂർ, കരവാരം, മണമ്പൂർ, ഒറ്റൂർ, ചെറുന്നിയൂർ, വക്കം, പുളിമാത്ത്, പഴയകുന്നുമ്മേൽ പഞ്ചായത്തുകളിലും എത്രപേർക്ക് സഹായം ലഭിക്കുന്നുണ്ടെന്ന് പേരും മേൽവിലാസവുമുൾപ്പെടെ പഞ്ചായത്തുകൾ തിരിച്ച് വ്യക്തമാക്കാമോ ; ഇനിയെത്ര അപേക്ഷകളിൽമേൽ നടപടി സ്വീകരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ നിന്നും സഹായം ലഭ്യമാക്കാൻ സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ ?